സമ്പ്രദായം അടിയന്തരമായി മാററിയേ തീരൂ. നമ്മുടെ അദ്ധ്യാപക സംഘടനകളും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളും വിദ്യാഭ്യാസചിന്തകരും ഉദ്ബുദ്ധരായ പൗരരും ഗൗരവപൂർവം ഈ പ്രശ്നത്തെപ്പററി ചിന്തിക്കുകയും ഇന്നത്തെ ദുഃസ്ഥിതിക്കു ഫലപ്രദമായ പരിഹാരം നിർദേശിക്കുകയുംചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഹിററ്ലറുടെ വാഴ്ചക്കാലത്ത് ജർമനിയിലെ നാത്സി പാർട്ടി അവരുടെ യുവജനങ്ങൾക്കു നൽകിയിരുന്ന പരിശീലനത്തെപ്പററി ഞാൻ വായിച്ചിട്ടുണ്ട്. അതേ പരിശീലനമാണു രാഷ്ട്രീയപാർട്ടികളുടെ ഒത്താശയോടെ നമ്മുടെ സ്കൂളുകളിലെ ചെറുകുട്ടികൾക്കു പാർലമെന്റ് പ്രവർത്തനമെന്നപേരിൽ ഇന്നു നൽകപ്പെടുന്നതെന്ന് എനിക്കു തോന്നുന്നു. ഒരു വ്യത്യാസം മാത്രം. നാത്സികൾ അക്രമത്തിലും അച്ചടക്കം പഠിപ്പിച്ചിരുന്നു; നാം അച്ചടക്കമില്ലാതെ അക്രമം മാത്രം പഠിപ്പിക്കുന്നു!

(25 ജൂലൈ, 1988)

# 94. ഗർഭച്ഛിദ്രം

ബ്രിട്ടനിൽ ഗർഭച്ഛിദ്രം പൂർണമായും നിയമവിധേയമായത് 1967-ൽ ആയിരുന്നു. ഡേവിഡ് സ്റ്റീൽ എന്ന മെമ്പർ അവതരിപ്പിച്ച ബിൽ നിയമമാക്കിക്കൊണ്ട് ആ ആണ്ടിൽ പാർലമെന്റ്, ചില പ്രത്യേക പരിതഃസ്ഥിതികളിൽ താൻ പേറുന്ന ഗർഭം അവസാനിപ്പിക്കാനുള്ള ഗർഭിണിയുടെ അവകാശം അംഗീകരിച്ചു. ഗർഭംധരിച്ചത് ബലാൽസംഗംമൂലമാണെങ്കിലോ, ഗർഭവും പ്രസവവും ഗർഭിണിയുടെ ആരോഗ്യത്തിന് ഹാനികരമാകുമെങ്കിലോ, ഭ്രൂണത്തിന് എന്തെങ്കിലും വൈകല്യങ്ങളുണ്ടെങ്കിലോ ഗർഭച്ഛിദ്രം നടത്തുന്നതിനെ ബ്രിട്ടനിലെ ജനങ്ങളിൽ തൊണ്ണൂററിരണ്ടു ശതമാനത്തോളം ഇപ്പോഴും അനുകൂലിക്കുന്നുണ്ടെന്നു പറയപ്പെടുന്നു.

പക്ഷേ, ഏതു ചുററുപാടിലും ഗർഭച്ഛിദ്രത്തിന് കത്തോലിക്കാമതം എതിരാണ്. കത്തോലിക്കർക്കു ഭൂരിപക്ഷമുള്ള ഐർലൻഡിൽ ഗർഭച്ഛിദ്രം ശിക്ഷാർഹമായ ഒരു കുററമാകുന്നു.

ബ്രിട്ടനിലെ ഗർഭച്ഛിദ്രനിയമത്തിന്റെ ഏറെക്കുറെ നേർപകർപ്പാണ് ഇന്ത്യയിലെ ഗർഭച്ഛിദ്രനിയമം. രണ്ടു കുട്ടികളുള്ള സ്ത്രീ ആവശ്യപ്പെട്ടാൽ അവളുടെ മൂന്നാമത്തെ ഗർഭം കുടുംബാസൂത്രണപരമായ കാരണത്താൽ ഇന്ത്യയിലെ ആസ്പത്രികളിൽ ഇപ്പോൾ അവസാനിപ്പിച്ചുകൊടുക്കുന്നുണ്ട്. മൂന്നാമതൊരു കുട്ടി പിറക്കുന്നത് അമ്മയുടെ സാമ്പത്തികഭദ്രതയ്ക്കു ഹാനികരമാവുമെന്നും അങ്ങനെ അമ്മയുടെ ആരോഗ്യത്തെക്കൂടി മൂന്നാമത്തെ കുട്ടി അപകടത്തിലാക്കുമെന്നും നിയമത്തെ അല്പം വലിച്ചുനീട്ടിയാണ് ഇതു സാധ്യമാക്കുന്നത്.

ഗർഭച്ഛിദ്രം യഥാർത്ഥത്തിൽ കൊലപാതകമാണോ? 'അതെ' എന്ന് മതമൗലികവാദികൾ പറഞ്ഞേക്കും; 'അല്ല' എന്ന് ഭൗതികവാദികളും. ഗർഭാരംഭത്തിന്റെ ആദ്യത്തെ ഏതാനും നിമിഷങ്ങളിൽ ഭ്രൂണം ഒരൊററ കോശം മാത്രമാണ്. അതിനെ ഒരു വ്യക്തി എന്നു പറഞ്ഞുകൂടാ. പിന്നീട് ഈ കോശം പിളർന്ന് പലതായി വളരുമ്പോഴും കുറെ കാലത്തേക്ക് അതിനു വ്യക്തിത്വം കൈവരുന്നില്ല. കാരണം, ഗർഭപരിസ്ഥിതിയിൽനിന്നു വിട്ട് സ്വതന്ത്രമായി ഭ്രൂണത്തിനു നിലനില്പില്ല. വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയുടെ ഫലമായി ഏഴു മാസം (ഇരുപത്തെട്ട് ആഴ്ച) പ്രായമെത്തിയാൽ ഭ്രൂണത്തെ അമ്മയുടെ ഗർഭാശയത്തിൽനിന്നു പുറത്തെടുത്തും വളർത്താമെന്ന നില ഇപ്പോൾ കൈവന്നിട്ടുണ്ട്. ഈ ഘട്ടംമുതൽ ഭ്രൂണത്തിനു സ്വതന്ത്രവ്യക്തിത്വം ലഭിക്കുന്നതായി

ചിലർ കണക്കാക്കുന്നു. അതിനുമുമ്പു് ഭ്രൂണത്തെ നശിപ്പിക്കുന്നതു് കൊലപാതകമാവില്ല എന്നാണു് ഇന്നു മനുഷ്യരിൽ ഭൂരിഭാഗവും കരുതുന്നതു്.

എങ്കിലും ഗർഭച്ഛിദ്രനിയമവുമായി ബ്രിട്ടീഷുകാർ ഇനിയും പൂർണമായി പൊരുത്തപ്പെട്ടിട്ടില്ല. 1967—ൽ പാസ്സായ നിയമം ഭേദപ്പെടുത്തുവാൻ ഇതിനിടെ പതിന്നാലു ശ്രമങ്ങൾ ബ്രിട്ടനിൽ നടക്കുകയുണ്ടായി. മി. ഡേവിഡ് ആൾട്ടൻ എന്ന എം. പി. അവതരിപ്പിച്ചതും ഇപ്പോൾ പാർലമെൻറിന്റെ പരിഗണനയിലുള്ളതുമായ ഒരു ബില്ല് ഗർഭച്ഛിദ്രനിയമത്തിന്റെ വ്യാപ്തി വെട്ടിച്ചുരുക്കുന്നതിനുള്ള പതിന്നാലാമത്തെ പരിശ്രമമാകുന്നു. നാലര മാസത്തിൽ (പതിനെട്ടു് ആഴ്ചയിൽ) കൂടുതൽ മുതിർന്ന ഗർഭം നശിപ്പിക്കുന്നതു് കുററമാക്കണമെന്നാണു് ഡേവിഡ് ആൾട്ടന്റെ ബില്ലുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഇപ്പോൾ നാല്പതിനായിരം അംഗങ്ങളുള്ളതായി അവകാശപ്പെടുന്ന 'ജനിക്കാത്ത ശിശുക്കളെ സംരക്ഷിക്കുന്നതിനുള്ള സമിതി' (സൊസൈററി ഫോർ ദി പ്രൊട്ടക്ഷൻ ഓഫ് ദി അൺബോൺ ചൈൽഡ്—എസ്. പി. യു. സി.) ഈ ബില്ലിനുവേണ്ടി ബ്രിട്ടനിൽ ശക്തമായ പ്രചാരവേല നടത്തിവരുന്നു. ആണ്ടിൽ ഏഴര ലക്ഷം പവൻ വരുമാനമുള്ള ഈ സംഘടനയ്ക്കു് പല പാർലമെൻറംഗങ്ങളും പിന്തുണ നൽകുന്നുണ്ടു്. ഗർഭച്ഛിദ്രത്തിനെതിരെ പ്രചാരവേല നടത്തുക, ഗർഭച്ഛിദ്രത്തിനു വിധേയരാവാൻ സാധ്യതയുള്ള അമ്മമാർക്കും അവർ പ്രസവിച്ചുണ്ടാകുന്ന ശിശുക്കൾക്കും സംരക്ഷണം നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള 'ലൈഫ്' എന്ന സംഘടനയും ഡേവിഡ് ആൾട്ടന്റെ ഗർഭച്ഛിദ്ര ഭേദഗതി ബില്ലിനു് അനുകൂലമായ പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയാണു്. ഈ സംഘടനയുടെ കൈവശവുമുണ്ടു് ധാരാളം പണം. 1967 മുതൽ 1987 വരെയുള്ള ഇരുപതു വർഷങ്ങളിൽ മുപ്പതു ലക്ഷം ഭ്രൂണങ്ങൾ ബ്രിട്ടനിൽ നശിപ്പിക്കപ്പെട്ടതായി ഇവർ പറയുന്നു.

ഗർഭച്ഛിദ്രത്തെ അനുകൂലിക്കുന്നവർ മുഖ്യമായും ഉന്നയിക്കുന്ന വാദം താനൊരു കുഞ്ഞിനെ ഗർഭംധരിച്ചു പ്രസവിക്കണമോ എന്നു തീരുമാനിക്കാനുള്ള അവകാശം അമ്മയ്ക്കു മാത്രമാണെന്നതാണു്. പ്രത്യേകിച്ചു് സ്ത്രീ അവിവാഹിതയാണെങ്കിലും, വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും, തങ്ങൾക്കു കുട്ടികൾ വേണ്ടെന്നു് ഭാര്യയും ഭർത്താവും തീരുമാനിക്കുകയാണെങ്കിലും ഗർഭച്ഛിദ്രം അനുവദിക്കുകതന്നെ വേണമെന്നു് അവർ പറയുന്നു. ഇക്കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ ഗർഭച്ഛിദ്രത്തിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തിയ സ്ത്രീകൾ ബ്രിട്ടനിൽ ഏറെയുണ്ടു്. തങ്ങളുടെ ഗർഭച്ഛിദ്രാനുഭവങ്ങളെപ്പററി അവർ സുഹൃത്തുക്കളോടും പരിചിതരോടും ധാരാളം സംസാരിച്ചിട്ടുമുണ്ടായിരിക്കണം. അതിനാൽ ഇപ്പോൾ ബ്രിട്ടീഷ് പൌരരിലധികംപേരും ഗർഭച്ഛിദ്രത്തെ അനുകൂലിക്കുന്നവരാണു്. എങ്കിലും മുതിർന്ന (പ്രത്യേകിച്ചു് ഇരുപത്തെട്ടു് ആഴ്ചയിലേറെ മൂപ്പെത്തിയ) ഗർഭം ഛിദ്രിപ്പിക്കുന്നതിനോടു് പലർക്കും എതിർപ്പുണ്ടു്. ഇത്രയും മുതിർന്ന ഭ്രൂണത്തെ സംരക്ഷിക്കുകയാണു തങ്ങളുടെ കർത്തവ്യമെന്ന ധാരണയാണു് പൊതുവെ വൈദ്യശാസ്ത്രജ്ഞർക്കുള്ളതു്. അതിനാൽ മുതിർന്ന ഭ്രൂണത്തെ ഗർഭാശയത്തിൽവെച്ചു് ഇൻജെക്ഷൻ നൽകി വേദനകൂടാതെ കൊന്നു് തലയോട്ടു് ഉടച്ചു പുറത്തെടുക്കുന്നതിൽ (ഇന്നു് അനുവർത്തിച്ചുവരുന്ന പ്രക്രിയ ഇതാണു്) വൈദ്യശാസ്ത്രജ്ഞർ പ്രായേണ വിമുഖരാണു്. ഡേവിഡ് ആൾട്ടന്റെ ഭേദഗതി പാർലമെൻറിൽ പാസ്സാകുന്നപക്ഷം അതിന്റെ പിന്നിലുള്ള മുഖ്യ പ്രേരണ വൈദ്യശാസ്ത്രജ്ഞർ ആയിരിക്കുമെന്നാണു് കരുതപ്പെടുന്നതു്.

ബ്രിട്ടനിൽ നടക്കുന്ന ഗർഭച്ഛിദ്രങ്ങളിൽ നൂറിനു മൂന്നരയിൽ താഴെ മാത്രമേ ഭ്രൂണത്തിനു പതിനെട്ടാഴ്ചയിൽ കൂടുതൽ മൂപ്പെത്തിയതിനുശേഷം നടക്കുന്നുള്ളു എന്നാണു് 1986—ലെ കണക്കു്. ഗർഭച്ഛിദ്രം നിയമവിരുദ്ധമായിട്ടുള്ള (ഐർലൻഡ്പോലത്തെ) രാജ്യങ്ങളിൽനിന്നു വരുന്ന ഗർഭിണികൾ, തങ്ങൾക്കു ഗർഭമുണ്ടെന്നു് അമ്മയച്ഛന്മാരോടു പറയാൻ ധൈര്യപ്പെടാത്ത കുമാ

രിമാർ, ദേശസാൽക്കരിക്കപ്പെട്ട ബ്രിട്ടീഷ് ആരോഗ്യസേവന വിഭാഗത്തിൽനിന്നു ഗർഭച്ഛിദ്രസേവനം ആവശ്യപ്പെട്ടിട്ടും കിട്ടാൻ വൈകിയവർ, തങ്ങൾക്കു ഗർഭമുള്ളതായി അറിയാത്ത മധ്യവയസ്കകൾ, ഭ്രൂണത്തിനു വൈകല്യമുണ്ടെന്നു വൈകിമാത്രം മനസ്സിലാക്കിയവർ—ഇത്തരക്കാരാണ് പതിനെട്ടാഴ്ചയിലേറെ മുതിർന്ന ഗർഭം ഛിദ്രിപ്പിക്കാൻ മുന്നോട്ടു വരുന്നത്. ഗർഭച്ഛിദ്രം ഏററവുമധികം ആവശ്യമായവരും ഇവർതന്നെ. അവർക്ക് ആ സേവനം നിഷേധിക്കണമോ? വേണമെന്നാണ് ഡേവിഡ് ആൾട്ടനും അദ്ദേഹത്തെ അനുകൂലിക്കുന്നവരും ആവശ്യപ്പെടുന്നത്. ഗർഭച്ഛിദ്രം നേരത്തെക്കൂട്ടി നടത്തുകയല്ല, തീരെ തടയുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇവരുടെ ലക്ഷ്യം. യാഥാസ്ഥിതികത്വത്തിലേക്ക് കൂടുതൽക്കൂടുതൽ നീങ്ങിക്കൊണ്ടിരിക്കുന്ന ബ്രിട്ടനിൽ ആൾട്ടന് ഗണ്യമായ പിന്തുണ ലഭിച്ചുകൂടായ്കയില്ല. ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമുള്ള മതമൗലികവാദികൾ ഇതിൽനിന്നു മുതലെടുക്കാനും സാധ്യതയുണ്ട്.

ന്യൂസ്റേറ്റ്സ്മാൻ വാരിക (ജനുവരി 29) എഴുതുന്നു:

'കന്യകാമറിയത്തിന് അക്കാര്യത്തിൽ മറെറാരു വികല്പം തിരഞ്ഞെടുക്കാനുണ്ടായിരുന്നില്ല എന്ന് നിങ്ങൾ ഓർക്കുമല്ലോ. താൻ ഗബ്രിയേൽ എന്ന മാലാഖ ആണെന്ന് അവിശ്വാസ്യമാംവിധം അവകാശപ്പെട്ടുകൊണ്ട് ആരോ ഒരാൾ വന്നു പ്രഖ്യാപിച്ചു, മറിയത്തിനു കുഞ്ഞു പിറക്കുവാൻ പോകയാണെന്ന്. മറിയത്തിന്റെ അമ്പരപ്പ് നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു. പ്രസക്തമായ ചോദ്യം മറിയം ചോദിച്ചു: 'ഞാനൊരു കന്യകയായിരിക്കെ എങ്ങനെയാണിതു നടക്കുക?' പരിശുദ്ധാത്മാവ് എന്ന മറെറാരു അരൂപസന്ദർശകനെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തികച്ചും അവ്യക്തമായ ഒരു വിശദീകരണംകൂടി ഗബ്രിയേൽ നൽകിയപ്പോൾ പാവം മറിയം കീഴടങ്ങി. 'ഞാൻ കർത്താവിന്റെ ദാസി,' അവൾ വണക്കത്തോടെ പറഞ്ഞു: 'അങ്ങു പറഞ്ഞതു നടക്കട്ടെ.'

'നാലു സുവിശേഷങ്ങളിൽ ഒന്നിൽ (ലൂക്കോസ്) മാത്രം പറഞ്ഞ ഈ ചെറിയ ആഖ്യാനത്തിന്റെ ഏററവും രസകരമായ വശം, തന്റെ വിധി എത്ര മാത്രം കീഴ്‌വണക്കത്തോടെ മറിയം അംഗീകരിച്ചു എന്നതാണ്. ഇതിനു മൂന്നു കാരണങ്ങൾ ഉണ്ടായിരുന്നിരിക്കാം. 1. അവൾ ദരിദ്രയായിരുന്നു. 2. അവൾക്ക് റോമൻ പൗരത്വം ഉണ്ടായിരുന്നില്ല. 3. അവൾ റോമാ സാമ്രാജ്യത്തിന്റെ ഒരു അകന്ന മൂലയിലാണ് പാർത്തിരുന്നത്. അഗസ്റ്റസ് ചക്രവർത്തി റോമാസാമ്രാജ്യം വാണിരുന്ന അക്കാലത്ത്, താനുദ്ദേശിക്കാതെ ഉണ്ടായിത്തീർന്ന ഒരു ഗർഭത്തെ അത്രയേറെ ഔദാസീന്യത്തോടെ മറെറാരു സ്ത്രീയും വീക്ഷിക്കുമായിരുന്നില്ല.

'റോമിൽ ഗർഭച്ഛിദ്രം വ്യാപകമായി നടപ്പിലിരുന്നു. അത് റോമൻ നിയമമനുസരിച്ച് അനുവദനീയവും ആയിരുന്നു. ഗർഭനിരോധം സംബന്ധിച്ച പല ഉപദേശങ്ങളും അന്നു നൽകപ്പെട്ടിരുന്നു. ഇവയിൽ ചിലത് തീരെ നിഷ്പ്രയോജനങ്ങളായിരുന്നു (ഉദാഹരണം: പൂച്ചയുടെ കരൾ എടുത്ത് ഇടത്തെ കണങ്കാലിൽ കെട്ടുക). മററു ചിലത് ഇരുപതാം നൂററാണ്ടിൽ നിലവിലിരിക്കുന്ന വിദ്യകൾതന്നെയാണ് (ഉദാഹരണം: തേനിൽ കുതിർത്ത കമ്പിളി യോനിയിൽ തിരുകിവയ്ക്കുക). ആടുകളുടെ മൂത്രാശയംകൊണ്ടുണ്ടാക്കിയതും ചെലവേറിയതുമായ ഒരുതരം പ്രാകൃത—ഉറ അക്കാലത്ത് ഉപയോഗിച്ചിരുന്നതായും തെളിവുകളുണ്ട്.

'താൻ അംഗീകരിച്ച ഗർഭനിരോധസൂത്രം' നിർഭാഗ്യംനിമിത്തം പരാജയപ്പെട്ടാൽ, ക്രിമിനൽ നിയമത്തെ ഭയപ്പെടാതെ റോമൻ സ്ത്രീക്ക് ഗർഭച്ഛിദ്ര നടപടികൾ കൈക്കൊള്ളാമായിരുന്നു. പക്ഷേ, ഇത് വിവാഹമോചനത്തിലേക്ക് നയിക്കാൻ സാദ്ധ്യതയുണ്ടായിരുന്നു.

റോമാസാമ്രാജ്യം ക്ഷയിച്ചുതുടങ്ങിയപ്പോൾ, ക്രിസ്തുവർഷം രണ്ടാം

നൂററാണ്ടിന്റെ അവസാനത്തിൽ, മാത്രമേ ഗർഭച്ഛിദ്രം ശിക്ഷയ്ക്കു വിധേയമായ ഒരു കുററമായിത്തീർന്നുള്ളു. തൽക്കാലത്തേക്കു നാടുകടത്തലായിരുന്നു ശിക്ഷ. ഗർഭച്ഛിദ്രം കൊലപാതകമായല്ല കണക്കാക്കപ്പെട്ടിരുന്നതു്. ഭ്രൂണത്തിനു് റോമൻ നിയമപ്രകാരം ഒരു വ്യക്തിയുടെ പദവി ഒരിക്കലും ഉണ്ടായിരുന്നില്ല. പക്ഷേ, ഗർഭച്ഛിദ്രം നടത്തിയ സ്ത്രീ തന്റെ ഭർത്താവിന്റെ പുത്രനെ അപഹരിച്ചതായി കണക്കാക്കപ്പെട്ടു. ക്രിസ്തുമതം കൂടുതൽ പ്രചരിക്കുകയും, റോമിന്റെ സ്ഥാനം ബൈസാൻറിയം നഗരത്തിനു് കൈവരികയുംചെയ്തപ്പോൾ സ്ഥിതി മോശമായി. ഗർഭച്ഛിദ്രം ഗൗരവമേറിയ ഒരു കുററമാണെന്നു് ഗണിക്കപ്പെട്ടു തുടങ്ങി. അതിനു വിധേയയായ സ്ത്രീയിൽ ആദ്യമാദ്യം മോഷണക്കുററവും (ഭർത്താവിന്റെ പുത്രനെ മോഷ്ടിച്ച കുററം), പിന്നീടു് മോഷണ–വധക്കുററങ്ങളും ചുമത്തപ്പെട്ടു. ഒമ്പതാം നൂററാണ്ടായപ്പോഴേക്കു്, തന്റെ ആഗ്രഹപ്രകാരമല്ലാതെ ഗർഭംധരിച്ച സ്ത്രീയുടെ സ്ഥിതി ഖേദാം പരിതാപകരമായിത്തീർന്നു.

'എന്നാൽ, സിദ്ധാന്തപരമായി, ക്രിസ്തുവിനുമുമ്പു് ഒന്നാം ശതകത്തിൽ, കന്യകാമറിയത്തിന്റെ നില അതായിരുന്നില്ല. ഉയർന്ന വർഗക്കാരും ഇടത്തരക്കാരും പെററുപെരുകാതിരുന്നതിൽ സങ്കടപ്പെട്ടിരുന്ന സിസെറോവിനെപ്പോലെയുള്ള കിഴവൻ സദാചാരവാദികൾ പഴിപറഞ്ഞാലും, ഗർഭച്ഛിദ്രം അക്കാലത്തു് വ്യാപകമായി പ്രയോഗത്തിലിരുന്നു. അവിവാഹിത, തികച്ചും സംശയാസ്പദമായ സാഹചര്യത്തിൽ ഗർഭംധരിച്ചവൾ, തന്റെ ബാദ്ധ്യതകളിൽ നിന്നു് നിശ്ശബ്ദമായി തലയൂരുവാൻ ശ്രമിച്ചുകൊണ്ടിരുന്ന പ്രതിശ്രുതവരനോടു കൂടിയവൾ (മററൊരു സ്വർഗദൂതൻ സന്ദർഭോചിതമായി സന്ദർശിച്ചു് സ്വന്തം കടമ നിറവേററാൻ നിർബന്ധിച്ചതിനാലാണല്ലോ യൗസേഫ് മറിയത്തെ ഉപേക്ഷിക്കാതിരുന്നതു്)—ഇതെല്ലാം പരിഗണിക്കുമ്പോൾ, അയൽപക്കത്തെ 'അറവുകാരിയായ സ്ത്രീ'യുടെ (ഗർഭച്ഛിദ്രംചെയ്തുകൊടുക്കുന്നവളുടെ) സേവനം ഉപയോഗപ്പെടുത്തുവാൻ ഏററവും സാദ്ധ്യതയുള്ളവരുടെ കൂട്ടത്തിലാണു് മറിയം ഉൾപ്പെട്ടിരുന്നതു് എന്നു് നിങ്ങൾക്കു കാണാവുന്നതേയുള്ളു.

'പകരം, മറിയം അതെല്ലാം സഹിച്ചു. എന്തുകൊണ്ടു്? യഥാർത്ഥത്തിൽ, മറിയം സഹിക്കുകയാണുചെയ്തതു് എന്നു നമുക്കു് ഉറപ്പില്ല. ശക്തിയേറിയ എതിർവാദങ്ങൾ മറിയം ഉന്നയിച്ചിരുന്നെങ്കിൽ, ആ വസ്തുത രേഖപ്പെടുത്തുക ലൂക്കോസിന്റെ (സുവിശേഷകന്റെ) ഉദ്ദേശ്യത്തിനു് ഇണങ്ങിയതാകുമായിരുന്നില്ല. സംശയങ്ങൾ നുഴഞ്ഞുകയറാൻ അനുവദിച്ചുകൂടാത്ത വിധത്തിൽ സുപ്രധാനമായ ഒരു പങ്കാണു് ആ കഥയ്ക്കു് ക്രിസ്തുമതത്തിലുള്ളതു്. മററുവിധത്തിൽ പുരുഷമേധാവിത്വപ്രധാനമായ ആ കഥയിൽ, മാലാഖയുടെ പ്രഖ്യാപനം സ്ത്രീകൾക്കു് ഒരു ഭൂമിക നൽകുന്നു; അവർക്കു് അനുകരിക്കാൻ ഒരു നല്ല, നിഷ്ക്രിയമായ, ഉദാഹരണം അതിലൂടെ കൈവരുന്നു. മറിയം ഉപയോഗമുള്ള ഒരു 'പാത്ര'ത്തിൽ കവിഞ്ഞ ഒന്നുമല്ല. എന്നാൽ, അവൾ വരിയിൽനിന്നു വ്യതിചലിക്കാത്ത കാലത്തോളം അവളെ താലോലിക്കുകയും അഭിനന്ദിക്കുകയും ആരാധിക്കുകയുംചെയ്യും. ചരിത്രത്തിൽ അവളുടെ സ്ഥാനം അവളുടെ വിധേയതയെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്ത്യൻ ദൈവശാസ്ത്രം സ്ത്രീക്കു കാണുന്ന പദവിയെ കന്യകാമറിയത്തിന്റെയും ഗബ്രിയൽ മാലാഖയുടെയും കഥ ഉദാഹരിക്കുന്നു. ഫ്രോയ്ഡ് പിന്നീടു പറഞ്ഞതുപോലെ, ജീവശാസ്ത്രത്തിൽ നിർണീതമാണു് ആ പദവി; 'ക്രിസ്ത്യൻ' എന്നു കരുതപ്പെടുന്ന നമ്മുടെ സമൂഹത്തിൽ ഗർഭച്ഛിദ്രം ചർച്ചചെയ്യപ്പെടുന്ന പ്രത്യേകരീതിക്കു് അതു വേണ്ട വിശദീകരണം നൽകുന്നു.

'ഗർഭച്ഛിദ്രം നിരോധിക്കാനോ, അതിന്റെ ലഭ്യത കുറയ്ക്കാനോ ആയി നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുവാൻ ആഗ്രഹിക്കുന്നവരെ ഒരു തരം 'പ്രഖ്യാപനരോഗം' (അനൗൺസിയേഷൻ സിൻഡ്രോം) വല്ലാതെ ബാധിച്ചിരിക്കുന്നു. അതു് ഏറെക്കുറെ താഴെപ്പറയുംവിധമാണു്!'

'കൊള്ളാം കൊച്ചുപെണ്ണേ! അടുത്ത ഏതാനും വർഷങ്ങളിൽ നിന്റെ

ജീവിതംകൊണ്ടു് എന്തെല്ലാം ചെയ്യണമെന്നു് നീ ഉദ്ദേശിച്ചുവോ, അവ ഒക്കെ നീ മറന്നേക്കുക! നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു! നിനക്കു് കുട്ടി പിറക്കാൻ പോകുന്നു! നല്ലതല്ലേ അതു്? സമാധാനിക്കുക! കരയരുതു്! ഇപ്പോൾ നിനക്കു കുട്ടി വേണ്ടെന്നോ, ഗർഭം ഉണ്ടായാൽ നിനക്കു ജോലി നഷ്ടപ്പെടുമെന്നോ (നിനക്കു് ഇനി ജോലിയുടെ ആവശ്യം ഏതായാലും ഉണ്ടാവില്ല), നിനക്കു ലഭിക്കുന്ന അല്പസമ്പാദ്യംകൊണ്ടു് നീ എങ്ങനെ ജീവിക്കുമെന്നോ, നിന്റെ ഭർത്താവു് മറ്റൊരു സ്ത്രീയോടൊപ്പം ഒളിച്ചോടുമെന്നോ ഒന്നും നീ പറയുന്നതു കേൾക്കാൻ ഞങ്ങൾക്കു് ഇഷ്ടമില്ല. എന്തെന്നാൽ നീ അമ്മയാകാൻ പോകുന്നു!'

'ചുരുക്കത്തിൽ സ്വന്തം ജീവിതം ആസൂത്രണംചെയ്യാനും സ്വന്തം പ്രാഥമികതകൾ നിർണയിക്കാനും എല്ലാവർക്കുമുള്ള സ്വാതന്ത്ര്യം, താൻ ആഗ്രഹിക്കാതെയാണെങ്കിലും ഗർഭംധരിക്കുന്നതോടെ സ്ത്രീയിൽനിന്നു് എടുത്തുമാറ്റപ്പെടുന്നു എന്നാണു് ഗർഭച്ഛിദ്ര നിരോധവാദികൾ പറയുന്നതു്. ഒരു സ്വതന്ത്ര മനുഷ്യവ്യക്തി എന്ന നില സ്ത്രീക്കു നിഷേധിക്കലാണിതു്. അവൾ എന്തു ചെയ്യണമെന്നോ എന്തു ചെയ്യരുതെന്നോ അന്യർ തീരുമാനിക്കുന്ന, ശിശുതുല്യമായ ആശ്രിതത്വത്തിലേക്കു് അതോടെ അവൾ മടങ്ങിപ്പോകുന്നു. അവളുടെ ആഗ്രഹങ്ങളും ഇച്ഛകളും പ്രതീക്ഷകളും സോപാധികങ്ങളായിത്തീരുന്നു. അതേ സമയം സ്വതന്ത്രമായ നിലനില്പിനു കഴിവില്ലാത്ത കോശങ്ങളുടെ സമൂഹം മാത്രമായ ഭ്രൂണത്തിനു് അവളുടെമേൽ അവകാശങ്ങൾ നൽകപ്പെടുന്നു; ആ ഭ്രൂണത്തിന്റെ ഉത്തരവാദിത്തം അവൾ ഏറ്റെടുത്തിട്ടില്ലെന്നതും, ആ ഭ്രൂണം നിലവിൽ വരാതിരിക്കാൻ തനിക്കു സാദ്ധ്യമായതെല്ലാം അവൾ ചെയ്തിരിക്കാമെന്നതും അവഗണിക്കപ്പെടുന്നു!'

(14 മാർച്ചു്, 1988)

# 95. ഗർഭച്ഛിദ്രഗുളിക

'എനിക്കെന്റമ്മേ വയറ്റിലുണ്ടെന്നു
പറയുന്നെല്ലാരും'—'അതു
നിനക്കെങ്ങനെ മനസ്സിലായെടി
കരുത്തംകെട്ടോളേ?'

എന്നു തുടങ്ങുന്ന ഒരു നാടോടിപ്പാട്ടു് എന്റെ ചെറുപ്പകാലത്തു് തൃശ്ശൂർ പരിസരങ്ങളിൽ പ്രചരിച്ചിരുന്നു. അന്നൊക്കെ, അപവാദകരമായ ഒരു സാമൂഹ്യപ്രശ്നമായിരുന്നു അവിവാഹിതകളുടെ ഗർഭധാരണം. 1950—കളിൽ മലബാർ കേന്ദ്ര കലാസമിതി കോഴിക്കോട്ടു് സംഘടിപ്പിച്ചിരുന്ന നാടകമത്സരങ്ങളിൽ അവതരിപ്പിക്കപ്പെട്ട പല നാടകങ്ങളിലെയും സംഘർഷകാരണമായിരുന്ന കേന്ദ്രബിന്ദു അവിഹിത ഗർഭധാരണമായിരുന്നു. പ്രസിദ്ധ നാടകകൃത്തായ ചെറുകാടിന്റെ ഒരു നാടകത്തിന്റെ രംഗാവതരണം കോഴിക്കോട്ടു് കണ്ടശേഷം ഉത്തരേന്ത്യക്കാരനായ ഒരു കമ്യൂണിസ്റ്റു് നേതാവു് എന്നോടു ചോദിക്കുകയുണ്ടായി, 'കേരളത്തിലെ ഏറ്റവുമധികം ഗൗരവമുള്ള സാമൂഹ്യപ്രശ്നം ഇപ്പോഴും കന്യകമാരുടെ ഗർഭധാരണമാണോ?' എന്നു്.

സമൂഹം സമ്മതിച്ച വിവാഹബന്ധത്തിനു് വിധേയമായിട്ടല്ലാതെ രൂപംകൊള്ളുന്ന ഗർഭത്തെ വളർച്ചയെത്തുംമുമ്പു് നശിപ്പിക്കുന്നതിനു് അശാസ്ത്രീയങ്ങളും ആപൽക്കരങ്ങളുമായ പല ഔഷധപ്രയോഗങ്ങളും ശസ്ത്രക്രിയകളും എല്ലാ രാജ്യങ്ങളിലും നിലവിലുണ്ടായിരുന്നു. പലപ്പോഴും ഈ പ്രയോഗങ്ങൾകൊണ്ടു് ഉദ്ദിഷ്ടഫലം ലഭിക്കാറില്ല; ചിലപ്പോൾ ഇവ ഗർഭിണികളുടെ മാനസികവും